LIBRARY ARCHIVES Kerala Legislative Assembly

രാജ്യറാണി എക്സ്പ്രസ്സിൽ അധികമായി ബോഗികൾ

83 (428) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ തിരുവനന്തപുരം റൂട്ടിൽ സർവ്വീസ് നടത്തുന്ന രാജ്യറാണി എക്സ്പ്രസ്സിൽ അധികമായി ബോഗികൾ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഒരു സ്ലീപ്പർ കോച്ചും, ഒരു എ.സി. കോച്ചും കൂടി പ്രസ്തുത തീവണ്ടിയിൽ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) സാങ്കേതികമായി അധിക ബോഗി അനുവദിക്കുന്നതിന് പ്രയാസമുണ്ടെങ്കിൽ വളരെയധികം യാത്രക്കാർ ആശ്രയിക്കുന്ന രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു അഡീഷണൽ സെക്കന്റ്ക്ലാസ്സ് സ്ലീപ്പർ കോച്ചുകൂടി അനുവദിക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ നിരന്തരമായി ആവശ്യപ്പെട്ടുവരുന്നു. 2015-16 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഈ ആവശ്യം നടപ്പാക്കണമെന്ന അഭ്യർത്ഥന ഉൾപ്പെടുത്തിയിട്ടുണ്ട്.

തീവണ്ടികളിലെ പഴക്കം ചെന്ന ബോഗികൾ

84 (429) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലൂടെ ഓടുന്ന തീവണ്ടികളിലെ ബോഗികൾ മിക്കവയും പഴക്കം ചെന്നതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70 ശതമാനത്തിനുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർ ഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേയ്ക്ക് അയയ്ക്കുമ്പോൾ അവിടെനിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേയ്ക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി പരിഗണിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു :

i. 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടംഘട്ടമായി 5 കൊല്ലത്തിനകം മാറ്റണമെന്നും

ii. തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പെയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്നും

iii. റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണമെന്നും

iv. കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണമെന്നും.

തുടർന്ന് റിപ്പയറിംഗിനായി നൽകുന്ന കോച്ചുകൾ തന്നെ മടക്കി ലഭിച്ചു തുടങ്ങിയിട്ടുണ്ട് എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവന്നിട്ടുണ്ട്.

ഇന്ത്യൻ റെയിൽവേ ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർ ഹോളിംഗിനും 18 മാസം കൂടുമ്പോൾ പീരിയോഡിക് ഓവർ ഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ് നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്യുവരുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽത്തന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്യുവരുന്നുണ്ടെന്നും കോച്ചുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾത്തന്നെ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും ഇപ്പോൾ റെയിൽവേ അറിയിച്ചിട്ടുണ്ട്.

കേരളത്തിലൂടെ സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ബോഗികളുടെ ഗുണനിലവാരം

85 (430) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലൂടെ സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ബോഗികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) കേരളത്തിന് പുതിയ ബോഗികൾ അനുവദിക്കുന്നതിനും 15 വർഷം കഴിഞ്ഞ ബോഗികൾ മാറ്റുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ബോഗികൾ കൃത്യമായി ശുചീകരിക്കുന്നതിനും എലി, പാറ്റ എന്നിവയുടെ ശല്യം നീക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും

LIBRARY ARCHIVES Kerala Legislative Assembly